**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6724** **11-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നടുവണ്ണൂരിലെ വോളീബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ കായികവകുപ്പിന്റെ നേതൃത്വത്തിൽ നിർമ്മാണപ്രവർത്തനം ആരംഭിച്ച വോളീബോൾ അക്കാദമിയുടെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ വോളീബോളിന് വേണ്ടി ഉന്നതനിലവാരത്തിൽ 100 പേർക്ക് പരിശീലനം നേടാൻ ഉതകുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോട്ടു കൂടിയ കെട്ടിടത്തിന്റെയും കളിക്കളത്തിന്റെയും നിർമ്മാണപ്രവർത്തനം അവസാനഘട്ടത്തിലാണ്. അധ്യയന വർഷം ആരംഭിക്കുമ്പോൾ തന്നെ കായികതാരങ്ങളെ തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ ശിക്ഷണം ഉറപ്പാക്കുക, വോളീബോൾ പരിശീലനത്തോടൊപ്പം കായികതാരങ്ങൾക്ക് വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യമൊരുക്കുക, ആധുനിക പരിശീലനത്തിനായി ഗ്രൗണ്ടിൽ ടെറാഫ്ലക്സ് നിർമ്മിക്കുക, കായികതാരങ്ങൾക്ക് വേണ്ടി കിടപ്പുമുറി, പഠനമുറി, ഭക്ഷണശാല, അടുക്കള ഓഫീസ് സജ്ജീകരണങ്ങൾ എന്നിവയോടൊപ്പം വിനോദത്തിനും, വിജ്ഞാനത്തിനും വേണ്ട സൗകര്യമൊരുക്കുക എന്നതും അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വോളീബോൾ തൽപരരായ 12 വയസ്സുള്ള കുട്ടികളെ കണ്ടെത്തി ദീർഘകാല പരിശീലനത്തിലൂടെ മികച്ച കളിക്കാരാക്കുക, ഉന്നതനിലവാരമുള്ള പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം പോഷകാഹാരം, വിദ്യാഭ്യാസം, കലാസാംസ്കാരിക രംഗത്തെ പ്രോത്സാഹനം എന്നിവ നൽകുക, വിവിധ മത്സരങ്ങളിലുള്ള പങ്കാളിത്തം ഉറപ്പാക്കുക, വോളീബോളിൽ താൽപര്യമുള്ള സമീപപ്രദേശങ്ങളിലെ 20 ആൺകുട്ടികൾക്കും 20 പെൺകുട്ടികൾക്കും തുടർച്ചയായി പരിശീലനം നൽകുക, കായികതാരങ്ങളുടെ കായികക്ഷമത ഉറപ്പാക്കുകയും അവരെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്നതും പ്രസ്തുത അക്കാദമിയുടെ ലക്ഷ്യങ്ങളാണ്. |

സെക്ഷൻ ഓഫീസർ